## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1030

28.04.2017-ൽ
മറുപടിക്ക്

## തണ്ണീർത്തടങ്ങളിലെ കയ്യേറ്റത്തിന്റെ അളവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ കുറവുണ്ടെന്ന് റീസർവ്വെയിൽ ബോധ്യപ്പെട്ട കേസുകളിൽ കയ്യേറ്റത്തിന്റെ അളവ് കണ്ടെത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ വിസ്തൃതിയിൽ കുറവുണ്ടെന്ന് റീസർവ്വെയിൽ ശ്രദ്ധയിൽപ്പെട്ട കേസുകളിൽ അവ പരിശോധിച്ച് കയ്യേറ്റം കണ്ടെത്തി നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും, 1957-ലെ കേരള ഭൂസംരക്ഷണ നിയമം പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നതും, കയ്യേറ്റത്തിന്റെ അളവ് തിട്ടപ്പെടുത്താൻ താലൂക്ക് തലത്തിൽ LRM മുഖേന നടപടി സ്വീകരിച്ച് വരുന്നതുമാണ്. എറണാകുളം ജില്ലയിൽ റിസർവ്വെ നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ തണ്ണീർത്തടങ്ങളിലെ കൈയ്യേറ്റങ്ങൾ കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ലാത്തതാണ്. കോട്ടയം ജില്ലയിൽ കയ്യേറ്റം കണ്ടെത്തിയ കേസുകളിൽ വിസ്തീർണ്ണം തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. |
| (ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോന്നിലും എത്ര കയ്യേറ്റം വീതം ഐഡന്റിഫൈ ചെയ്തിട്ടുണ്ട്; | (ബി) തിരുവനന്തപുരം ജില്ലയിൽ വെള്ളായണി കായലിൽ 33 കേസുകളിലായി 77.11 ആർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ താലൂക്ക് തലത്തിൽ ഐഡന്റിഫൈ ചെയ്ത് എണ്ണം തിട്ടപ്പെടുത്തി വരുന്നു. ആലപ്പുഴ ജില്ലയിൽ 63 അനധികൃത കയ്യേറ്റങ്ങൾ ഐഡന്റിഫൈ ചെയ്തിട്ടുള്ളതാണ്. കോട്ടയം ജില്ലയിൽ 10 കേസുകളിലായി 01.1243 ഹെക്ടർ കയ്യേറ്റമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ |

| | | | |
|---|---|---|---|
| | | | കയ്യേറ്റം ഐഡന്റിഫൈ ചെയ്തിട്ടില്ലാത്ത താകുന്നു. |
| (സി) | ഐഡന്റിഫൈ ചെയ്തതിൽ എത്രയെണ്ണത്തിനു വീതം നോട്ടീസ് നൽകിയിട്ടുണ്ട്; | (സി) | തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തണ്ണീർത്തടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേയ്ക്ക് കയ്യേറ്റക്കാരുടെ വിവരവും കയ്യേറ്റ ഭൂമിയുടെ സ്കെച്ചും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിൽ 13 കേസുകളിലും, ആലപ്പുഴ ജില്ലയിൽ 34 കേസുകളിലും, കോട്ടയം ജില്ലയിൽ 10 കേസുകളിലും നോട്ടീസ് നൽകിയിട്ടുണ്ട്. എറണാകുളം, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ ഐഡന്റിഫൈ ചെയ്തിട്ടില്ലാത്തതിനാൽ ഈ ചോദ്യം ഉദിക്കുന്നില്ല. |
| (ഡി) | ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും കയ്യേറ്റം ഒഴിപ്പിക്കാനാ യിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വെളിപ്പെടുത്തുമോ? | (ഡി) | തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്തി രാജ് ആക്ട് പ്രകാരം തണ്ണീർത്തടങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായതിനാൽ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേയ്ക്ക് കയ്യേറ്റക്കാരുടെ വിവരവും കയ്യേറ്റ ഭൂമിയുടെ സ്കെച്ചും മറ്റ് അനുബന്ധ രേഖകളും ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.<br>മറ്റ് ജില്ലകളിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**